പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1494 **16-10-2026-ൽ മറുപടിയ്ക്ക്**

കുന്ദമംഗലത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ബിരുദതല കോഴ്സുകളും തസ്തികകളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പ്രമുഖ അക്കാദമിക് സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന കുന്ദമംഗലം മണ്ഡലത്തിൽ കൂടുതൽ ഉന്നത വിദ്യാഭ്യാസ കോഴ്സുകളും സീറ്റുകളും അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

മറുപടി: കുന്ദമംഗലം സർക്കാർ ആർട്സ് & സയൻസ് കോളേജിൽ 2026-27 അക്കാഡമിക വർഷം ബി.സി.എ, എം.കോം. എന്നീ കോഴ്സുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ സർക്കാർ/എയ്ഡഡ് കോളേജുകളിലെയും ആർട്സ് & സയൻസ് സ്ഥാപനങ്ങളിലെയും അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ വ്യക്തമാക്കാമോ;

മറുപടി: അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ IT ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് കുന്ദമംഗലം സർക്കാർ ആർട്സ് & സയൻസ് കോളേജിന് നടപ്പ് സാമ്പത്തിക വർഷം 600000/-രൂപ (ആറ് ലക്ഷം രൂപ മാത്രം) പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(സി) പ്ലസ്ടു പാസാകുന്ന വിദ്യാർത്ഥികളുടെ അനുപാതത്തിനനുസരിച്ച് കുന്ദമംഗലത്ത് ബിരുദതലത്തിൽ പുതിയ കോഴ്സുകളും അതിനായുള്ള തസ്തികകളും അനുവദിക്കുമോ; വിശദമാക്കാമോ?

മറുപടി: കുന്ദമംഗലം സർക്കാർ കോളേജിൽ നിന്നും പുതിയ കോഴ്സുകൾക്കായുള്ള ശുപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ